# Dakshina Kerala Jam-iyyathul Ulama

## ജുമുഅ: പ്രസംഗം.

## വിഷയം: രണ്ടാം പത്തിന്റെ സന്ദേശം

---

يَا أَيُّهَا الَّذِينَ آمَنُوا إِذَا لَقِيتُمْ فِئَةً فَاثْبُتُوا وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ * وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ ۖ وَاصْبِرُوا ۚ إِنَّ اللَّهَ مَعَ الصَّابِرِينَ * وَلَا تَكُونُوا كَالَّذِينَ خَرَجُوا مِن دِيَارِهِم بَطَرًا وَرِئَاءَ النَّاسِ وَيَصُدُّونَ عَن سَبِيلِ اللَّهِ ۚ وَاللَّهُ بِمَا يَعْمَلُونَ مُحِيطٌ ﴿أنفال ٤٥,٤٦﴾

➢ റമളാൻ 2-ാം ഘട്ടത്തിലേക്ക് പ്രവേശിപ്പിച്ചിരിക്കുകയാണ്. * ഈ ഘട്ടത്തിന് രണ്ട് പ്രത്യേകതയാണുള്ളത്.

1) مَغْفِرَة ന്റെ ദിനങ്ങൾ.

* മനുഷ്യന് സ്വഭാവികമായും വീഴ്ചകൾ സംഭവിക്കും. പ്രവാചകന്മാരൊഴികെ.

➢ പാപം മനുഷ്യനെ തകർത്തു കളയും.

وَوَضَعْنَا عَنكَ وِزْرَكَ * الَّذِي أَنقَضَ ظَهْرَكَ

* ഇതിൽ നിന്ന് രക്ഷപ്പെടാൻ തൗബയുടെ 240 മണിക്കൂറുകൾ. ഇത് റബ്ബിന്റെ വലിയ റഹ്മത്താണ്. ഇത് ഉപയോഗ പ്പെടുത്തുക.

2) ബദ്ർദിനം ഈപത്തിലാണ്.

ഹി: 2-ാം വർഷം റമളാൻ 17 വെള്ളിയാഴ്ചയാണ് ബദ്ർ നടന്നത്.

* ബദ്റിന്റെ ഏറ്റവും വലിയ പ്രത്യേകതയും ചരിത്ര പ്രാധാന്യവും: അത് ദീനിനും സമുദായത്തിനും നിലനിൽപ്പ് നൽകി എന്നതാണ്. ബദ്റിന്റെ തലേനാൾ നബി (സ്വ) നടത്തിയ ദുആ ഇത് മനസ്സിലാക്കിത്തരുന്നുണ്ട്

اللَّهُمَّ إِنْ تُهْلِكْ هَذِهِ الْعِصَابَةَ لا تُعْبَدْ فِي الأَرْضِ

➢ (ഇവിടെ : ബദ്റിലെ പരാജയം ദീനിന്റെ പരാജയത്തിന് കാരണമാകുമെന്ന് പറയുന്നു. അപ്പോൾ ബദ്റിന്റെ വിജയം സമുദായത്തിന്റെ നിലനിൽപ്പിന് കാരണമായി.)

* യഥാർത്ഥത്തിൽ ബദ്റിലേക്ക് പോയത് അബൂസുഫ്യാനെ തടയുവാനായിരുന്നു. യുദ്ധം ഉദ്ദേശിച്ചില്ല..

إِنَّمَا خَرَجَ رَسُولُ اللَّهِ ﷺ يُرِيدُ عِيرَ قُرَيْشٍ حَتَّى جَمَعَ اللَّهُ بَيْنَهُمْ وَبَيْنَ عَدُوِّهِمْ عَلَى غَيْرِ مِيعَادٍ

(بخاري)

➢ എന്നാൽ അബൂസുഫ്‌യാൻ രക്ഷപ്പെടുകയും മക്കയിൽ നിന്ന് വന്ന ശത്രുക്കളുടെ മുന്നിൽ മുസ്ലികൾ യുദ്ധത്തിന് ഒരുങ്ങേണ്ടിവരികയും ചെയ്തു.
* ഇങ്ങനെ യാദൃശ്ചികമായി യുദ്ധത്തിലേക്ക് എടുത്ത് ചാടേണ്ടി വന്നപ്പോൾ അല്ലാഹു അവർക്ക് ചില സുപ്രധാന നിർദ്ദേശങ്ങൾ നൽകി. ഇതിനെ "ബദ്റിന്റെ സന്ദേശം" എന്ന് നമുക്ക് പറയാം.

**സന്ദേശങ്ങൾ** : 1) ശത്രുവിന്റെ മുന്നിൽ പതറാതെ ഉറച്ച് നിൽക്കുക.

﴿يا أيها الذين آمنوا إذا لقيتم فئة فاثبتوا﴾

(ഇന്ന് വളരെയേറെ പ്രസക്തമാണീ ഉപദേശം.*ശത്രുവിന്റെ മുന്നിൽ ആദർശം പണയപ്പെടുത്തരുത്.
* ശത്രുവിന്റെ കൂടെ ചേർന്ന് സമുദായത്തെ ഭിന്നിപ്പിക്കരുത്.
* അല്ലാഹുവിന്റെ ഖദ്ർ ഖളാഅ് പോലെയേ കാര്യങ്ങൾ നടക്കൂ.* അല്ലാഹു കൂടെയുണ്ടായാൽ ശത്രു തോൽക്കും.
* അതുകൊണ്ട് ഉറച്ച് നിൽക്കുക.

2) അല്ലാഹുവിന്റെ ദിക്ർ രക്ഷാമാർഗമാണ്.

﴿واذكروا الله كثيرا لعلكم تفلحون﴾

➢ (ദിക്ർ മുറുകെ പിടിക്കുക. ഏത് ആപൽഘട്ടത്തിലും അത് സഹായത്തിന്റെ വഴി തുറക്കും. ഉദാ: വീട്ടിൽ നിന്നിറങ്ങുമ്പോൾ ഈ ദിക്ർ പറഞ്ഞാൽ. കാവൽ ലഭിക്കും.

عَنْ أَنَسِ بْنِ مَالِكٍ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " مَنْ قَالَ : بِسمِ اللَّهِ ، تَوَكَّلْتُ عَلَى اللَّهِ ، لا حَوْلَ وَلا قُوَّةَ إِلا بِاللَّهِ ، فَيُقَالُ لَهُ حِينَئِذٍ : كُفِيتَ ، وَوُقِيتَ ، وَتَنَحَّى لَهُ الشَّيْطَانُ.( ترمذي)

* നാം ദിക്റിലേക്ക് മടങ്ങുക. (ഒറ്റക്കും കൂട്ടായും)

3) നേതൃത്വത്തെ അനുസരിക്കുക..

﴿وأطيعوا الله ورسوله﴾

(കുടുംബനാഥനെ – വീട്ടിലുള്ളവർ/മഹല്ല് ഇമാം നേതൃത്വത്തെ – മഹല്ലിലുള്ളവർ/സമുദായ നേതൃത്വത്തെ – സമുദായം).

4) ഭിന്നിക്കരുത്. ശക്തിചോരും.

﴿ولا تنازعوا فتفشلوا وتذهب ريحكم﴾

➢ വിശ്വാസ രംഗത്ത് ഭിന്നത നിഷിദ്ധമാണ്. അത് നരക പ്രവേശനത്തിന് കാരണമാകും /കർമ്മശാസ്ത്ര വൈവിധ്യം അനുവദനീയം. സ്വഹാബത്ത് മുതൽ തുടർന്നു വരുന്നു. 4 മദ്ഹബും ലോക മുസ്ലിംകൾ അംഗീകരിച്ചത്. / പൊതു കാര്യങ്ങളിൽ സമുദായം യോജിച്ച് നിൽക്കണം. ഭിന്നത ശത്രുക്കൾക്ക് വളമേകും/ വിശിഷ്യാ ഇന്ത്യപോലെയുള്ള സാഹചര്യത്തിൽ.(സെപ്യിൻ അനുഭവം വിവരിക്കുക).

5) ക്ഷമിക്കുക.

﴿واصبروا إن الله مع الصابرين﴾

- ത്യാഗം അനുഭവിക്കാതെ വിജയമില്ല. നബി(സ്വ)യും സ്വഹാബത്തും പോലും ത്യാഗമനുഭവിച്ചു. (ഉദാഹരണം ചേർത്ത് വിവരിക്കുക)

6) അഹങ്കാരവും പ്രകടനപരതയും ഒഴിവാക്കുക.

﴿وَلَا تَكُونُوا كَالَّذِينَ خَرَجُوا مِن دِيَارِهِم بَطَرًا وَرِئَاءَ النَّاسِ وَيَصُدُّونَ عَن سَبِيلِ اللَّهِ ۚ وَاللَّهُ بِمَا يَعْمَلُونَ مُحِيطٌ﴾

അത് കുഫ്റിന്റെ അടയാളമാണ്. അതാണ് അവരെ തകർത്തത്. ആ സ്വഭാവം നമുക്കുണ്ടാകരുത്. (അഹങ്കാരിയെ അല്ലാഹു പരാജയപ്പെടുത്തും)

- ഈ ഏഴ് നിർദ്ദേശവും സ്വഹാബത്ത് പൂർത്തിയാക്കി. ബദ്റിൽ അവർ വിജയിച്ചു. ആയുധവും ആൾബലവും തോറ്റു. ഈമാനും ഇഖ്ലാസ്വും വിജയിച്ചു. (ചരിത്രം ഇനിയും ആവർത്തിക്കും)

ഈ വലിയ സഹായം കിട്ടിയ ദിനം റമളാൻ 17. അവരുടെ ത്യാഗം കൊണ്ടാണ് ഇന്ന് നാം മുസ്‌ലിംകളായി ജീവിക്കുന്നത്.

- അവരെ സ്മരിക്കൽ പുണ്യ കർമ്മം

اذْكُرُوا مَحَاسِنَ مَوْتَاكُمْ (أبوداود)

- അവരെ സ്നേഹിക്കുക.

إِنَّكَ مَعَ مَنْ أَحْبَبْتَ (أحمد)

- അവർക്ക് വേണ്ടി ഈസ്വാൽ സവാബ് ചെയ്യുക.
- വീണ്ടും ബദ്ർ ദിനം വരുമ്പോൾ നമുക്ക് അല്ലാഹുവിന്റെ സഹായം ലഭ്യമാക്കാൻ ശ്രമിക്കുക.

തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648